# Office of the Commissioner
# Kerala State Goods and Services Tax Department
# Tax Towers, Karamana, Thiruvananthapuram

*Email: cct.ctd@kerala.gov.in*

Date: 20.06.2022

<u>പത്രക്കുറിപ്പ്</u>

അയൺ സ്ക്രാപ്പിന്റെ (ആക്രി) മറവിൽ വ്യാജ ബില്ലുകൾ ചമച്ച് കോടിക്കണക്കിന് രൂപയുടെ ഇൻപുട്ട് ടാക്സ് തട്ടിയെടുത്ത സംഘത്തിന്റെ ആസൂത്രകർ ആണെന്ന വിവരം ലഭിച്ച പെരുമ്പാവൂർ സ്വദേശികളായ രണ്ടുപേരുടെയും അവരുടെ അനുയായികളായ മറ്റു രണ്ടുപേരുടെയും വസതികളിൽ ആണ് സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പ് (ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്), സായുധ പോലീസിന്റെ സഹായത്തോടെ (കെ.എ.പി ബറ്റാലിയൻ - 1, തൃപ്പൂണിത്തറ) ഇന്ന് ജി എസ് ടി നിയമം 67(2) വകുപ്പ് പ്രകാരം സെർച്ച് നടത്തിയത്. നികുതി വെട്ടിപ്പ സംഘത്തിനു ഹവാല ലഹരിമരുന്ന് മാഫിയയുമായി ബന്ധമുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് സെർച്ചിനായി സായുധ പോലീസിന്റെ സഹായം തേടാൻ ജി. എസ്. ടി വകുപ്പ് തീരുമാനിച്ചത്.

ആക്രിയുടെ മറവിൽ വൻ നികുതി വെട്ടിപ്പ് നടക്കുന്നു എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 03.06.22 ന് സ്റ്റേറ്റ് ടാക്സ് ഓഫീസർ (ഐ.ബി.) കോട്ടയം സി. ജി. അരവിന്ദിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിന്റെ 8 യൂണിറ്റുകൾ പെരുമ്പാവൂരിലും പരിസര പ്രദേശങ്ങളിലുമായി 12 സ്ഥലങ്ങളിൽ സെർച്ച് നടത്തുകയും പത്തോളം വ്യാപാരികളിൽനിന്നും മൊഴിയെടുക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഈ നികുതി വെട്ടിപ്പ സംഘത്തിന്റെ ആസൂത്രകരും പ്രയോക്താക്കളും പെരുമ്പാവൂർ സ്വദേശികളായ അസർ അലി, റിൻഷാദ് എന്നവരാണെന്ന് വെളിപ്പെട്ടു. ഇവർക്ക് പല തവണ സമൺസ് കൊടുത്തെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ മൊഴി കൊടുക്കാൻ ഇവർ ഹാജരായില്ല. തുടർന്നാണ് ഇന്ന് രാവിലെ 4 മണിക്ക് (20.06.22) പെരുമ്പാവൂരിലുള്ള ഇവരുടെ വസതികളിൽ സായുധ പോലീസിന്റെ സഹായത്തോടെ സെർച്ച് നടത്തിയത്. സെർച്ചിൽ നികുതിവെട്ടിപ്പ് സംബന്ധമായ ചില രേഖകളും ആയവയുടെ തെളിവുകൾ അടങ്ങുന്ന അഞ്ചോളം മൊബൈൽ ഫോണുകളും അന്വേഷണ സംഘം പിടിച്ചെടുക്കുകയുണ്ടായി.

ഏകദേശം 125 കോടി രൂപയുടെ വ്യാജ ബില്ലുണ്ടാക്കി ഈ സംഘം നികുതി വെട്ടിപ്പ് നടത്തിയതായും അതുവഴി 13 കോടി രൂപയോളം നികുതി വെട്ടിപ്പ് നടത്തിയതായുമാണ് ഇതുവരെയുള്ള അന്വേഷണം സൂചിപ്പിക്കുന്നത്. വ്യാജ രജിസ്ട്രേഷൻ എടുക്കാൻ കൂട്ടുനിൽക്കുകയും അതിനുവേണ്ട ആസൂത്രണങ്ങൾ നടത്തുകയും ചെയ്യുന്ന മുഴുവൻ പേർക്കെതിരേയും ശക്തമായ നിയമ നടപടികൾ തുടർന്നും കൈക്കൊള്ളും

സായുധ പോലീസ് സഹായത്തോടെ സംസ്ഥാന നികുതി വകുപ്പ് ആദ്യമായി നടത്തിയ പരിശോധനയാണ് പെരുമ്പാവൂരിലേത്. സെർച്ചിൽ കോട്ടയം STO(IB) സി.ജി. അരവിന്ദ്, മട്ടാഞ്ചേരി STO(IB) ബേബി മത്തായി, ആലപ്പുഴ STO(IB) രാജഗോപാൽ, എന്നിവരുടെ നേതൃത്വത്തിലുള്ള ഐ.ബി. യൂണിറ്റുകളാണ് പങ്കെടുത്തത് എറണാകുളം DC(IB) ജോൺസൺ ചാക്കോ സെർച്ചിന് വേണ്ട

മാർഗനിർദേശങ്ങൾ നൽകി. കെ.എ.പി. ഒന്നാം ബറ്റാലിയൻ തൃപ്പൂണിത്തുറ അസിസ്റ്റന്റ് കമാന്റന്റ് ആൻസൺ, സബ് ഇൻസ്പെക്ടർ സന്തോഷ് കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള 14 അംഗ സായുധ പോലീസ് സംഘമാണ് ജി എസ് ടി അന്വേഷണസംഘത്തെ സെർച്ചിൽ സഹായിച്ചത്

sd/-
**Commissioner**
Kerala State GST Department